**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4316** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് ഏജന്റുമാരുടെയും വിൽപനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി ഇതുവരെ എത്രപേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വഴി ഇതുവരെ 5889 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ട് . |
| (ബി) | ഭാഗ്യക്കുറി വകുപ്പ് ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതി സംസ്ഥാനത്ത് പൂർത്തിയായിട്ടുണ്ടോ; എത്ര തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ് എന്ന് വിശദമാക്കാമോ; | (ബി) | സംസ്ഥാന ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്ക് സൗജന്യ യൂണിഫോം നൽകുന്ന പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. നിലവിൽ ബോർഡിൽ സജീവ അംഗങ്ങളായ ഏകദേശം 50,000 തൊഴിലാളികൾ പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. |
| (സി) | അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ; | (സി) | ഭാഗ്യക്കുറി ക്ഷേമനിധി ബോർഡിലെ അംഗപരിമിതരായ ക്ഷേമനിധി അംഗങ്ങൾക്ക് മുച്ചക്രവാഹനം നൽകുന്ന പദ്ധതിക്ക് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഗുണഭോക്താക്കളിൽ നിന്നും അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. |
| (ഡി) | ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ഡി) | 2008-ലെ കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ആക്ട് പ്രകാരം ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവ ധനസഹായമായി 10,000/- രൂപ നൽകുന്നുണ്ട്. കൂടാതെ ക്ഷേമനിധി അംഗങ്ങളുടെ പ്രായപൂർത്തിയായ പെൺമക്കൾക്കും, വനിതാ അംഗങ്ങൾക്കും വിവാഹ ധനസഹായമായി 25,000/- രൂപയും നൽകി വരുന്നുണ്ട് . |

സെക്ഷൻ ഓഫീസർ